നിഷ്കർഷിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് വിശദമായ പരിശോധന നടത്തുകയും ചെയ്തുവരുന്നുണ്ടെന്നും 20 വർഷത്തിന് മുകളിൽ പഴക്കമുള്ള കോച്ചുകളുടെ ഘടനാപരമായ ക്ഷമത സംബന്ധിച്ച് പ്രത്യേക പരിശോധന നടത്തുകയും അപാകതകൾ കണ്ടെത്തുന്ന മാത്രയിൽത്തന്നെ പ്രസ്തുത കോച്ചുകൾ പിൻവലിക്കുകയും ചെയ്തുവരുന്നുണ്ടെന്നും കോച്ചുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാനും പരമാവധി പുതിയ കോച്ചുകളുടെ ലഭ്യത ഉറപ്പുവരുത്തുവാനുള്ള ഇടപെടലുകൾ ഡിവിഷണൽ റെയിൽവേ ഓഫീസുകൾ നടത്തുന്നുണ്ടെന്നും 25 വർഷം കഴിഞ്ഞ കോച്ചുകൾ അപ്പോൾത്തന്നെ പിൻവലിക്കുകയും ചെയ്യുന്നുണ്ടെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്. ട്രെയിൻ യാത്രക്കാരിയായ സൗമ്യയുടെ ദാരുണ മരണത്തെത്തുടർന്ന് ട്രെയിൻ യാത്രക്കാരുടെ പ്രത്യേകിച്ച് സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടികൾ സംസ്ഥാന പോലീസും റെയിൽവേയും ചേർന്ന് കൂടുതൽ ഊർജ്ജിതമായും കർശനമായും സ്വീകരിച്ചു വരുന്നുണ്ട്.

വള്ളത്തോൾ നഗർ റെയിൽവേ സ്റ്റേഷൻ വികസനം

66 (3220) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളത്തോൾ നഗർ റെയിൽവേ സ്റ്റേഷൻ വികസനമൊന്നുമില്ലാതെ അവഗണിക്കപ്പെട്ടു കിടക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിനോദസഞ്ചാരികൾ ഉൾപ്പെടെയുള്ളവർക്ക് പ്രയോജനകരമാകുന്ന വിധം സ്റ്റേഷൻ നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല. സതേൺ റെയിൽവേ ജനറൽ മാനേജരുടെ വാർഷിക പരിശോധനകളുടെ ഭാഗമായി ടി സ്റ്റേഷൻ മോടിപിടിപ്പിച്ചതായി റെയിൽവേ അറിയിച്ചിട്ടുണ്ട്. ടി റെയിൽവേ സ്റ്റേഷൻ ഭേദപ്പെടുത്തുന്നതിനുവേണ്ട നടപടി താമസംവിനാ ത്വരിതഗതിയിൽ ചെയ്യുന്നതാണെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്.

ട്രെയിനുകളിലെ ബോഗികളുടെ കാലപ്പഴക്കവും അറ്റകുറ്റപ്പണികളുടെ അപര്യാപ്തതയും

67 (3221) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകളിലെ ബോഗികളുടെ കാലപ്പഴക്കവും അറ്റകുറ്റപ്പണികളുടെ അപര്യാപ്തതയും ഉണ്ടാക്കുന്ന അപകടങ്ങളും നഷ്ടങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) മേജർ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്ത് എവിടെയെങ്കിലും റെയിൽവേ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അപ്രകാരമുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ?

ഉത്തരം

(എ) ആലപ്പുഴ പാസഞ്ചർ ട്രെയിനിന്റെ ബോഗിക്ക് സംഭവിച്ച അപകടത്തിന്റെ വെളിച്ചത്തിൽ ഇക്കാര്യങ്ങളിലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ട് താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തരമായി പരിഗണിക്കണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രിയോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിരുന്നു:

(i) 25 കൊല്ലത്തിലധികം പഴക്കമുള്ള എല്ലാ ബോഗികളും ഘട്ടം ഘട്ടമായി 5 കൊല്ലത്തിനകം മാറ്റണം;

(ii) തിരുവനന്തപുരത്തെയും എറണാകുളത്തെയും റിപ്പയർ സൗകര്യങ്ങൾ പ്രധാന റിപ്പയറുകൾ ചെയ്യുവാനാകുന്ന രീതിയിൽ വിപുലപ്പെടുത്തണം;

(iii) റിപ്പയറിനും മെയിന്റനൻസിനുമായി ആവശ്യമായ ആളുകളെ നിയമിക്കണം;

(iv) കോച്ചുകൾ വൃത്തിയാക്കാനായി കൂടുതൽ മെച്ചപ്പെട്ടതായ സംവിധാനം ഏർപ്പെടുത്തണം.

2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ കേരളത്തിലെ റെയിൽവേ വികസനത്തിനാവശ്യമായ കാര്യങ്ങൾ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ ഡിസംബർ 2014-ൽ സമർപ്പിച്ച മെമ്മോറാണ്ടത്തിലും ഇക്കാര്യങ്ങൾ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ വീണ്ടും കൊണ്ടുവന്നിട്ടുണ്ട്. ഇന്ത്യൻ റെയിൽവേ ഉപയോഗിക്കുന്ന റെയിൽ കോച്ചുകളുടെ ആയുർദൈർഘ്യം 25 വർഷമാണെന്നും 25 വർഷത്തിനുമുകളിൽ പഴക്കമുള്ള റെയിൽവേ കോച്ചുകൾ നിലവിൽ ഉപയോഗിക്കുന്നില്ലെന്നും കോച്ചുകൾ ബന്ധപ്പെട്ട വർക്ക്ഷോപ്പുകളിൽ 9 മാസം കൂടുമ്പോൾ ഇന്റർമീഡിയറ്റ് ഓവർഹോളിംഗിനും 18 മാസം കൂടുമ്പോൾ പിരിയോഡിക് ഓവർഹോളിംഗിനും വിധേയമാക്കുകയും കോച്ചുകളുടെ എല്ലാ ഘടകങ്ങളും റെയിൽവേ ബോർഡ് നിഷ്കർഷിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് വിശദമായ പരിശോധന നടത്തുകയും ചെയ്യുന്നുണ്ടെന്നും 20 വർഷത്തിനുമുകളിൽ പഴക്കമുള്ള കോച്ചുകളുടെ ഘടനാപരമായ ക്ഷമത സംബന്ധിച്ച് പ്രത്യേക പരിശോധന നടത്തുകയും അപാകതകൾ കണ്ടെത്തുന്ന മാത്രയിൽത്തന്നെ പ്രസ്തുത കോച്ചുകൾ

LIBRARY ARCHIVES Kerala Legislative Assembly

പിൻവലിക്കുകയും ചെയ്യുമെന്നും കോച്ചുകളുടെ എണ്ണം വർദ്ധിപ്പിക്കുവാനും പരമാവധി പുതിയ കോച്ചുകളുടെ ലഭ്യത ഉറപ്പുവരുത്തുവാനും ഉള്ള ഇടപെടലുകൾ ഡിവിഷണൽ റെയിൽവേ ഓഫീസുകൾ നടത്തുന്നുണ്ടെന്നും 25 വർഷം കഴിഞ്ഞ കോച്ചുകൾ അപ്പോൾത്തന്നെ പിൻവലിക്കുകയും ചെയ്യുന്നുണ്ടെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്.

(ബി) ഇല്ല. തിരുവനന്തപുരത്തേയും എറണാകുളത്തേയും റിപ്പയർ സൗകര്യങ്ങൾ പ്രധാന റിപ്പയറുകൾ ചെയ്യുവാനുതകുന്ന രീതിയിൽ വിപുലപ്പെടുത്തണമെന്ന് ഇതിനകംതന്നെ റെയിൽവേ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ട്രെയിനുകളുടെ സമയ പുനഃക്രമീകരണം

68 (3222) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറപ്പുഴ, എറണാകുളം, തൃശ്ശൂർ ഭാഗങ്ങളിൽ നിന്ന് രാവിലെയും വൈകിട്ടും പോവുന്നതിനും തിരികെ വരുന്നതിനുമുള്ള ജനങ്ങളുടെ യാത്രാക്ലേശവും ബുദ്ധിമുട്ടുകളും കണക്കിലെടുത്ത് ഈ സമയങ്ങളിൽ ഓടുന്ന ധൻബാദ്, ഏറനാട്, പാസഞ്ചർ ട്രെയിനുകളുടെ സമയങ്ങൾ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ പുനഃക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) വൈകുന്നേര സമയത്തെ യാത്രാക്ലേശം കണക്കിലെടുത്ത് ആറപ്പുഴയിൽ യാത്ര അവസാനിക്കുന്ന ധൻബാദ് എക്സ്പ്രസിനും ആറപ്പുഴ വഴി കടന്നുപോകുന്ന ഏറനാട് എക്സ്പ്രസിനും തൃശ്ശൂരിനുശേഷമുള്ള അങ്കമാലി ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട സ്റ്റേഷനുകളിൽ സ്റ്റോപ്പ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ദീർഘദൂര ട്രെയിനുകളായ ധൻബാദ്, ഏറനാട് ട്രെയിനുകൾ ആറപ്പുഴയ്ക്കും തൃശ്ശൂരിനും ഇടയ്ക്കുള്ള ഒരു വിഭാഗം ഹ്രസ്വദൂര യാത്രക്കാർക്കുവേണ്ടി പുനഃക്രമീകരിക്കുന്നത് മറ്റ് എക്സ്പ്രസ് ട്രെയിനുകളുടെ സമയക്രമത്തെ ബാധിക്കും. ഹ്രസ്വദൂര യാത്രക്കാർക്കുവേണ്ടി പാസഞ്ചർ ട്രെയിനുകൾ ഓടുന്നുണ്ട്. ദീർഘദൂര ട്രെയിനുകൾക്ക് അധിക സ്റ്റോപ്പുകൾ അനുവദിക്കുന്നത് പിന്നാലെയുള്ള മറ്റു ട്രെയിനുകളെ ബാധിക്കും. എക്സ്പ്രസ് ട്രെയിനുകൾ പരമാവധി വേഗത്തിലും കുറഞ്ഞ എണ്ണം സ്റ്റോപ്പുകളോടെയും സർവ്വീസ് നടത്തുന്നതാണ് സംസ്ഥാനത്തിന്റെ താല്പര്യത്തിന് നല്ലത് എന്നാണ് റെയിൽവേ അറിയിച്ചിട്ടുള്ളത്. ധൻബാദ് എക്സ്പ്രസ്സിനും ഏറനാട് എക്സ്പ്രസ്സിനും പുതിയ സ്റ്റോപ്പ് അനുവദിക്കാൻ പദ്ധതിയില്ലെന്നും ഏറനാട് എക്സ്പ്രസ്സിന് തൃശ്ശൂരിനും ആലുവയ്ക്കും ഇടയിൽ ചാലക്കുടിയിൽ സ്റ്റോപ്പുണ്ടെന്നും ട്രെയിനുകൾക്ക് അധികമായി സ്റ്റോപ്പുകൾ

LIBRARY ARCHIVES Kerala Legislative Assembly